2020




Uralungal Labour Contract Co-operative Society Ltd.
Madappally College, Vatakara, Kozhikode, Kerala - 673102
Ph 91 496 2516402 F 91 496 2516402

uralungal@ulccsltd.com | www.ulccsltd.com

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി

### പശ്ചാത്തലം; വളർച്ച; പ്രവർത്തനം

*2019 ൽ ഐസിഎ (ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അല്ലിയൻസിന്റെ) സ്ഥിര അംഗത്വം ലഭിച്ച ഇന്ത്യയിലെ ഏക പ്രാഥമിക സഹകരണ സംഘമായ ഊരാളുങ്കൽ തൊഴിലാളി സഹകരണ സംഘം (യു എൽ സി സി എസ്) ഇന്ന്, കൃത്യനിഷ്ഠതയുടെയും, വിശ്വാസത്തിന്റെയും പര്യായമായി മാറിയിരിക്കുന്നു. ഇത് ഒരു പകൽ ഇരുട്ടി വെളുത്തപ്പോൾ സംഭവിച്ചതല്ല. സഹനത്തിന്റെയും, അർപ്പണബോധത്തിന്റെയും, സംഘശക്തിയുടെയും നേരിന്റെന്റെയും കനൽ വഴികൾ താണ്ടിയാണ് സംഘം ഈ വിജയം കരസ്ഥമാക്കിയത്.*

ഊരാളുങ്കൽ കൂലി വേലക്കാരുടെ പരസ്പര സഹായസഹകരണ സംഘം രജിസ്റ്റർ ചെയ്തത് 1925 ഫെബ്രുവരി 13 നാണ്. പണവും, ജാതിമേൽക്കോയ്മയും പാവപ്പെട്ടവർക്കെതിരെ നടത്തിയ കടന്നാക്രമണങ്ങളെ ചെറുക്കുന്നതിനായി രൂപീകരിച്ച വിവിധ സംവിധാനങ്ങളിൽ ഒന്ന് എന്ന നിലക്കാണ് 93 വർഷങ്ങൾക്ക് മുൻപ് ഈ സംഘം നിലവിൽ വന്നത്. കേരളത്തിലെ പ്രമുഖ സാമൂഹിക പരിഷ്കർത്താക്കളിലൊരാളായ സ്വാമി വാഗ്ഭടാനന്ദനാണ് സംഘത്തിന്റെ രൂപീകരണത്തിന് നേതൃത്വം നൽകിയത്.

അയിത്തത്തിനും ജാതീയതക്കുമെതിരെ പോരാടാൻ തയ്യാറുള്ള ഒരു പറ്റം പേർ തങ്ങളുടെ നേതൃത്വത്തെ വാഗ്ഭടാനന്ദനിൽ കണ്ടെത്തുകയായിരുന്നു. സ്വാമി മാഹിയിൽ നടത്തിയ ഒരു പ്രസംഗത്തിന്റെ ഉള്ളടക്കത്തിൽ ആകൃഷ്ടരായ കാരക്കാട്ടെ ചെറുപ്പക്കാരിൽ ചിലർ അദ്ദേഹത്തെ അവിടേക്ക് ക്ഷണിക്കുകയായിരുന്നു. സ്വാമിയുടെ ശക്തമായ നേതൃത്വം ഉണ്ടായതോടെ സാമൂഹിക പരിഷ്കരണത്തിനുള്ള മുന്നേറ്റത്തിന് കരുത്താർജ്ജിച്ചു. സ്വാഭാവികമായി തന്നെ ജന്മിമാരും സവർണരും ജനകീയ മുന്നേറ്റത്തിന് രംഗത്ത് വന്നു.

പാവപ്പെട്ടവർക്കെതിരായ മർദ്ദനമുറകളെ ആത്മസംയമനത്തോടുകൂടിയാണ് ജനങ്ങൾ നേരിട്ടത്. ഇതിന്റെ ഭാഗമായി പ്രതിരോധ സമരത്തിൽ ഏർപ്പെട്ടവർക്ക് പിൻബലം നല്കാൻ സഹായകമായ സ്ഥാപനങ്ങൾ ഉണ്ടാക്കി സമൂഹത്തെ ശക്തിപ്പെടുത്താനാണ് വാഗ്ഭടാനന്ദൻ ശ്രമിച്ചത്. ജനങ്ങളിൽ ആശയ പ്രചരണത്തിനായി ആത്മവിദ്യ സംഘം സ്ഥാപിച്ചു. ഇതിനു പുറമെ പാവപ്പെട്ടവരുടെ കുട്ടികൾക്കായി ഒരു പ്രൈമറി സ്കൂളും, ഒരു ഐക്യ നാണയ സംഘവും കൂലിവേലക്കാരുടെ സഹകരണ സംഘവും അദ്ദേഹം സ്ഥാപിച്ചു. ഇവ വളർന്ന് പന്തലിച്ചാണ് ഇന്ന് നിലവിലുള്ള ആത്മ വിദ്യ സംഘം എൽ.പി

സ്കൂളും, ഊരാളുങ്കൽ സഹകരണ ബാങ്കും, ഊരാളുങ്കൽ തൊഴിലാളി കരാർ സഹകരണ സംഘവുമായി രൂപാന്തരം പ്രാപിച്ചത്.

മുകളിൽ സൂചിപ്പിച്ച സാമൂഹിക രാഷ്ട്രീയ സമരത്തിൽ, ഈ പ്രദേശത്തെ ജനങ്ങളിൽ ശക്തമായ കൂട്ടായ്മയും സഹകരണ മനോഭാവവും ഊട്ടി ഉറപ്പിച്ചു. അതാണ് വാഗ്ഭടാനന്ദൻ സ്ഥാപിച്ച കൂലിവേലക്കാരുടെ സഹകരണ സംഘം അടക്കമുള്ള സ്ഥാപനങ്ങളുടെ പിന്നീടങ്ങോട്ടുള്ള വളർച്ചക്ക് ആധാരമായത്.



ആത്മവിദ്യ സംഘത്തിൽ അംഗമായി എന്നത് കൊണ്ട് തൊഴിൽ നിഷേധിച്ചവർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംഘം പ്രവർത്തകർ ഊരാളുങ്കൽ കൂലി വേലക്കാരുടെ സഹകരണ സംഘത്തിന് രൂപം നൽകിയത്. ഇതിനായി 14 പേരടങ്ങുന്ന ഒരു പ്രോമോറ്റിംഗ് കമ്മിറ്റി ആയിരുന്നു ആദ്യം ഉണ്ടായത്. തുടർന്ന് നിലവിൽവന്ന വിവിധ ഭരണ സമിതികളുടെ നേതൃത്വത്തിൽ വിപുലപ്പെട്ടുവന്ന സംഘം സർക്കാരിന്റെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള മാതൃക ബൈ ലോ അംഗീകരിക്കുകയും, 1967 ൽ ഒരു രജിസ്റ്റേറഡ് ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയായി നിലവിൽ വരികയും ചെയ്തു.

ഐക്യരാഷ്ട്രസംഘടനയുടെ വികസന പദ്ധതി വിഭാഗം (United Nations Development Programme), ഒരു മാതൃക സഹകരണ സംഘമായി "ഊരാളുങ്കലിനെ", അവരുടെ ഡോക്യുമെന്ററിയിൽ ലോകമെമ്പാടും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു.

അന്താരാഷ്ട്ര സഹകരണ സംഘം (International Co-operative Alliance), ഊരാളുങ്കലിനു അംഗത്വം നൽകി ആദരിച്ചിരിക്കുന്നു. ഈ അന്താരാഷ്ട്ര സംഘടനയിൽ അംഗത്വമുള്ള ഏക ഇന്ത്യൻ സഹകരണ സംഘം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്.

ഒൻപത് ദശാബ്ദ കാലത്തെ സംഘത്തിന്റെ പദ്ധതി നിർവഹണ ശേഷിയും, സാമ്പത്തിക വിനിയോഗ രീതിയും അച്ചടക്ക മികവും ഇന്ത്യയിലെ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. സംഘടിത കായിക ശക്തിക്ക് ഊന്നൽ കൊടുത്തുള്ള രീതിയോടൊപ്പം, ആധുനികത ഇടകലർത്തിയതാണ് സംഘത്തിന്റെ കുതിപ്പിന് ആധാരമായി നമുക്ക് കാണാൻ കഴിയുക. കായികാധ്വാനം പ്രധാനം ചെയ്യുന്ന തൊഴിൽ ശക്തികളുടെ എണ്ണം ദൈനം ദിനം കുറഞ്ഞുവന്നതും, വ്യവസായ തൊഴിൽ വൈദഗ്ധ്യം ഉള്ള ചെറുപ്പക്കാരുടെ തദ്ദേശീയ നിര രൂപപ്പെട്ടുവന്നതും, മാറ്റത്തിന് ആധാരമായി. ദീർഘ വീക്ഷണമുള്ള നേതൃത്വം സംഘത്തിന് നവ ജീവൻ നൽകിയതായും നമുക്ക് കാണാൻ കഴിയുന്നതാണ്. ആധുനിക യന്ത്ര സംവിധാനങ്ങളും സാങ്കേതിക വിദ്യയും, കോർത്തിണക്കിയ പുതിയ നയം, സംഘത്തിന്റെ വളർച്ചക്ക് നിദാനമായി.



**തൊണ്ടയാട് ഫ്ളൈഓവർ**

തൊണ്ണൂറുകളുടെ ആദ്യത്തിൽ ഇന്ത്യയിൽ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ തദ്ദേശീയ സ്ഥാപനങ്ങൾക്ക് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ട്ടിച്ചുവെങ്കിൽ, ആ അവസരം ഫലപ്രദമായി ഉപയോഗിച്ച സംഘം മുന്നേറിയതായി കാണാം. ത്രിതല പഞ്ചായത്തീ രാജ് സംവിധാനത്തിലെ നിർമ്മാണ പ്രവർത്തികളുടെ ചുമതലകൾ സമയബന്ധിതമായും, കൃത്യതയോടും, അഴിമതിമുക്തമായും പൂർത്തീകരിച്ചതോടെ സർക്കാരിനും, വിശിഷ്യാ പൊതുസമൂഹത്തിനും, സ്വീകാര്യ സ്ഥാപനമായി സംഘം വളർന്നു.

സംഘം അന്നേവരെ സഞ്ചരിച്ചിരുന്ന പാതയിൽനിന്നും ഒരു വഴി മാറി നടക്കലായിരുന്നു "യു എൽ സൈബർ പാർക്ക്". പരമ്പരാഗത ശാസ്ത്ര വിഷയങ്ങളിൽ നിന്നും തെന്നി മാറി ഐ ടി പോലുള്ള നവ പഠന മേഖലയെ പുതു തലമുറ സ്വീകരിച്ചപ്പോൾ, ഈ ചെറുപ്പക്കാർക്ക് നാട്ടിൽ തന്നെ ഒരു തൊഴിൽ ഇടം എന്ന സാമൂഹ്യ പ്രതിബദ്ധതയായിരുന്നു ഈ പദ്ധതിയുടെ പിന്നാലെ ഊർജ്ജം, ഐ ടി പ്രൊഫഷനലുകൾക്കും അർദ്ധ തൊഴിൽ നൈപുണ്യ/അവിദഗ്ദ്ധ തൊഴിൽ ശേഷിക്കും ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു ബൃഹത് പദ്ധതിയായി യു എൽ സൈബർ പാർക്ക് മാറി കഴിഞ്ഞു.

വിവരസാങ്കേതിക വിദ്യ സമൂഹത്തിന്റെ സമസ്ത മേഖലകളിലും വേരുകളാഴ്ത്തിത്തുടങ്ങിയ വർത്തമാന കാലത്തു സംഘം ആ മേഖലയിലും പാദമൂന്നിക്കഴിഞ്ഞിരിക്കുന്നു. "യു എൽ ടെക്നോളജി സൊല്യൂഷൻസ്" സംഘത്തിന്റെ വളർച്ചയുടെ പാതയിലെ ഒരു നാഴികക്കല്ലാണ്.

വിദഗ്ദ്ധരായ കലാകാരന്മാർക്ക് തങ്ങളുടെ ഭാവനയ്ക്ക് രൂപം നൽകുവാനും അങ്ങനെയുണ്ടാകുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കേന്ദ്രം - സർഗാലായ ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ്. ജീവിതത്തി ന്റെ ഒരരിക് പറ്റി ജീവിച്ചിരുന്ന ഈ കലാകാരന്മാർ ഇന്ന് അഭിമാനത്തോടെ ആത്മവിശ്വാസത്തോടെ തങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുകി കഴിയുന്നു. സർഗാലയ ആർട്ട്സ് ആൻഡ് ക്രഫ്റ്റ്സ് വില്ലേജ് നടത്തിപ്പും പരിപാലനവും സംഘത്തിന്റെ നേതൃത്വത്തിലാണ്.

രാഷ്ട്ര പുനർനിർമ്മാണത്തിൽ വിശ്വസ്ത പങ്കാളിയാവുന്നതോടൊപ്പം, പ്രാഥമിക സഹകരണ സംഘങ്ങളുടെ കൂട്ടായ്മ സൃഷ്ട്ടിക്കുന്നതിലൂടെ ഒരു പുതിയ മാതൃക തന്നെ രൂപപ്പെടുത്തിയിരിക്കുന്നു ഊരാളുങ്കൽ.

ആധുനിക നിർമ്മാണ വൈദഗ്ധ്യവും, യന്ത്രസംവിധാനങ്ങളും സ്വായത്തമാക്കി ബഹുനില പരിസ്ഥിതി സൗഹാർദ്ദ കെട്ടിടങ്ങളും, വമ്പൻ പാലങ്ങളും, ലോകനിലവാരത്തിലുള്ള റോഡുകളും നിർമ്മിച്ചുകൊണ്ടിരിക്കുന്നു ഇപ്പോൾ സംഘം. കൃത്യനിഷ്ഠയും, ഗുണനിലവാരവും, സമ്മേളിക്കുന്ന പ്രവർത്തന രീതിയും ഭരണ നിർവഹണ മികവും, സാമ്പത്തിക അച്ചടക്കവും ദീർഘ വീക്ഷണ പാടവവും, ഇന്ന് സംഘത്തിനെ ഒരു ജനതയുടെ ആത്മവിശ്വാസമാക്കി മാറ്റിയിരിക്കുന്നു.

93 വർഷത്തെ പ്രവർത്തന പരിചയമുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇപ്പോൾ, വിവരസാങ്കേതികവിദ്യ, ടൂറിസം, വിദ്യാഭ്യാസം എന്നീ മേഖലകളിലും പ്രവർത്തനമാരംഭിച്ച അത് വിജയകരമായി മുന്നോട് കൊണ്ടുപോകുന്നുണ്ട്. കേരളത്തിന്റെ ആദ്യത്തെ ഐ ടി സ്പെഷ്യൽ ഇക്കണോമിക് സോണായ യു എൽ സൈബർ പാർക്ക് സൊസൈറ്റിയുടെ ഉടമസ്ഥതയിലാണ്.

ഇന്ന് ഏത് സംരംഭത്തെയും ആത്മവിശ്വാസത്തോടെ ഏറ്റെടുത്തു, തൊടുന്നതെലാം പൊന്നാക്കുന്നതിലൂടെ, 100 വർഷങ്ങൾക്ക് മുൻപ് വാഗ്ഭടാനന്ദ ഗുരു കണ്ട സ്വപ്നം സംഘം സാക്ഷാത്കരിക്കുകയാണ്.




**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ, ചവറ കൊല്ലം**

തുടക്കത്തിൽ 14 അംഗങ്ങളാണുണ്ടായിരുന്നത്. ഇതിനകം 2000 ത്തിലധികം പേർ സംഘത്തിൽ അംഗങ്ങളായുണ്ട്. മരണമടഞ്ഞവരും വിവിധകാരണങ്ങളാൽ (താമസം മാറൽ, വിദേശ ജോലി) സ്വയം ഒഴിഞ്ഞവരും ഒഴിച്ച് 578 എ ക്ലാസ് അംഗങ്ങളും, 2417 സി ക്ലാസ് അംഗങ്ങളുമാണ് നിലവിലുള്ളത്. ഇവരോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിൽ നിന്ന് പ്രാദേശികമായി കണ്ടെത്തുന്നവരും, ഏതാണ്ട് 6000 ഓളം വരുന്ന അംഗങ്ങളല്ലാത്ത തൊഴിലാളികളും ചേർന്നാണ് സംഘം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്.

വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികളും, സാങ്കേതിക പരിജ്ഞാനം നേടിയ ഓവർ സീയർമാരും എഞ്ചിനീർമാരും അടങ്ങുന്നതാണ് സംഘം അംഗങ്ങൾ. മെറ്റൽ അടിക്കുന്നത് മുതൽ നിർമ്മാണ പ്രവർത്തിയുടെ വിവിധ വശങ്ങൾ അറിയുന്നവരാവണം അംഗങ്ങൾ. ജോലിയിലെ കഴിവ്, നൈപുണ്യം, ആത്മാർത്ഥത, അർപ്പണബോധം, മുൻപരിചയം എന്നിവയാടിസ്ഥാനമാക്കി നോൺ-മെമ്പർമാരിൽ നിന്നാണ് പുതിയതായി അംഗത്വം നൽകി വരുന്നത്. അംഗത്വത്തിsâ പരിധി കോഴിക്കോട് ജില്ലയും, പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സംഘത്തിsâ പരിധി കേരള സംസ്ഥാനത്തുടനീളവുമാണ്.

പ്രവർത്തികൾ കൃത്യ സമയത്തു ഗുണനിലവാരത്തോടെ പൂർത്തിയാക്കുന്നതിനു ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളും മെഷീനറികളുമാണ് യു എൽ സി സി എസ്സിന്റെ കൈവശമുള്ളത്.

**പ്രവർത്തികൾ**

ആദ്യകാലത്തു മലബാർ ഡിസ്ട്രിക്ട് ബോർഡിൽ നിന്നും പിഡബ്ലിയുഡിയിൽ നിന്നും പ്രവർത്തികൾ ഏറ്റെടുത്ത നടത്തി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി കണ്ണൂർ, മലപ്പുറം, തൃശൂർ, പാലക്കാട് എന്നിവിടങ്ങളിൽ കിണർ, ചാപ്പ, കനാൽ, വേലിക്കെട്ടൽതുടങ്ങിയ പ്രവർത്തികൾ ഏറ്റെടുത്ത നടത്തിയിരുന്നു. സ്ഥാപനത്തിന്റെ വളർച്ചക്ക് എത്രയോ ദൂരം നടന്ന് പ്രവർത്തയെടുക്കാൻ അംഗങ്ങൾ തയ്യാറായിരുന്നു. പ്രവർത്തികൾ സത്യസന്ധതയോടെ കൃത്യ സമയത്ത് പൂർത്തിയാക്കുവാൻ ഭരണസമിതി നിഷ്കർഷത പുലർത്തി കൂടുതൽ തൊഴിലാളികൾക്ക് ജോലി നല്കാൻ ഉതകുന്ന റോഡ് പണിയാണ് സംഘം മുഖ്യമായും ഏറ്റെടുത്തത്.



കോഴിക്കോട് ബൈ പാസ് ഫേസ് 2

സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിലെ പ്രവർത്തികളാണ് സംഘം ഏറ്റെടുക്കാറുള്ളത്. ടെൻഡറിൽ പങ്കെടുക്കുന്നതിന് മുൻപായിതന്നെ ഭരണ സമിതി കാര്യങ്ങൾ മുൻകൂട്ടി ആലോചിക്കും. എത്ര ശതമാനം നിരക്കിന് ജോലി ഏറ്റെടുക്കാമെന്ന് ഭരണ സമിതി തീരുമാനിക്കും. ടെൻഡർ കഴിഞ്ഞാൽ നെഗോസിയേഷൻ സംവിധാനം ഉണ്ടാകാറുണ്ട്. അതിലും തീരുമാനമെടുക്കുന്നത് ഭരണസമിതിയാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ ടെൻഡർ ചെയ്യാതെയും ഡിപ്പാർട്ട്മെâv സൊസൈറ്റിയെ നേരിട്ട് പ്രവർത്തികൾ ഏൽപ്പിക്കാറുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവർത്തികൾ സംഘം ഏറ്റെടുത്ത നടത്തിയിട്ടുണ്ട്.

### സംഘം ഏറ്റെടുത്ത പ്രധാന പ്രവർത്തികളിൽ ചിലത്

| Sl No | Name of work | Amount (Rs) In crore | Awarded by |
|---|---|---|---|
| 1 | Kozhikode City Road Improvement Project (KCRIP) | 693.00 | Kerala Road Fund Board, Trivandrum |
| 2 | Construction of Calicut Bypass PHASE II Reach II from Ch: 0/000 to 5/100 (New NH 66) in the state of Kerala. | 152.75 | SE,NH North Circle Kozhikode |

| | | | |
|---|---|---|---|
| 3 | Construction of Office complex for the Registrar of Cooperative Societies at Thiruvananthapuram. | 89.00 | Registrar of Co-operative Society |
| 4 | Construction of Indian Institute of Infrastructure and Construction in Chavara | 44.45 | Managing Director, KASE, TVM |
| 5 | Improvements to Taliparamba Coorg Border road from Km 0/00 to 36/985 in Kannur District | 44.94 | SE PWD Roads & Bridges NC Kozhikode |
| 6 | Construction of Software Development Building at ULCCS Ltd SEZ Area for UL Cyber Park Kozhikode | 57.76 | Managing Director, ULCCS IT Infrastructure PVT Ltd. |
| 7 | Road Improvement Works in Kozhikode and Construction of Fly over in Kozhikode | 38.62 | PM, KSUDP, Kozhikode |

# നിലവിലെ പ്രധാന പ്രവർത്തികൾ

നിലവിലെ പ്രവർത്തികളുടെ ആകെ മൂല്യം – 2680 കോടി

| Sl No | Name of work | Amount (Rs) In crore | Awarded by |
|---|---|---|---|
| 1 | District Flagship Infrastructure Projects (DFIP)-Improvement and Upgradation of Nadukani - Vazhikkadavu - Nilambur - Edavanna - Manjeri - Malappuram - Vengara - Thirurangadi - Parappanangadi Road in Malappuram District Ch:0/000 to 90/000 | 359.91 | SE,PWD Roads&Bridges,North Circle,Kozhikode |
| 2 | Providing Infrastructure for Govt Schools-Modernisation of schools as part of Centre of Excellence | 270.00 | KITZ, Thiruvanathapuram |
| 3 | District Flagship Project (DFIP) - Improvements and Providing BM & BC to Hill High Way Cherupuzha - Payyavoor - Ulikkal - Vallithode Road Km 59.415 in Kannur District | 191.54 | SE,PWD Roads&Bridges,North Circle,Kozhikode |
| 4 | Widening to 2 lane with paved shoulders from km. 87/000 to 133/720 (Nattukal to Thanau Jn. In Palakkad) of NH-966 (Old NH-213) in the State of Kerala on Engineering, Procurement | 173.05 | CE, National Highways, PWD Thiruvananthapuram |

| | | | |
|---|---|---|---|
| | and Construction (EPC) mode | | |
| 5 | District Flagship Infrastructure Projects (DFIP)- Construction of Valiyazheekkal Bridge across Kayamkulam Lake connecting Kollam & Alappuzha districts-840m. | 136.39 | Superintending Engineer, PWD, South Circle, Thiruvananthapuram |
| 6 | Widening to 2/4 lane with paved shoulders Karamana Jn to Kaliyakavila Jn. In Thiruvanathapuram district of NH-66 in the State of Kerala on Engineering, Procurement and Construction (EPC) mode | 110.00 | KIFBI |
| 7 | Construction of Technical innovation Zone in Kochi | 88.00 | MD KSITIL |
| 8 | Implementation of District Flagship Infrastructure Project - Construction of Flyover at Km 27/330 Ramanattukara PHASE I Along NH-66 Bypass (Old NH -17) in the State of Kerala | 74.96 | SE,PWD National Highway,North Circle,Kozhikode. |
| 9 | KIIFB - Improvements to Ambalappuzha - Thiruvalla road Ch: From 0/000 to 22/560 | 56.61 | KRFB,TVM,Chief Executive Officer |
| 10 | Implementation of District Flagship Infrastructure Project - Construction of Flyover at Km 14/700 Thondayadu PHASE I Along NH-66 Bypass (Old NH -17) in the State of Kerala | 51.42 | SE,PWD National Highway,North Circle,Kozhikode. |
| 11 | Construction of Building (International Co-Operative Museum) for Karassery Service Co-Operative Bank in rs No:4/3B,Ward No:27,EW No:36 at Kozhikode Corporation | 50.28 | GM, Karassery Service Co-Operative Bank |
| 12 | Construction of Factory Building for Mathruboomi in Velipram Desom at Ramanattukara in Kozhikode District | 41.63 | MD, The Printing & Publishing Co Ltd |

**ഗുണമേന്മ**

സംഘം ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കാറുണ്ട് . കോൺക്രീറ്റ് തയ്യാറാക്കൽ, സിമന്റ് പൂഴി, മെറ്റൽ, വെള്ളം അനുപാതം ശ്രദ്ധിക്കാൻ സാങ്കേതിക മേൽനോട്ടം, പ്രവർത്തി വിഭജനം എന്നിവ നടക്കുന്നു. ലാഭം എന്നതിനേക്കാളുപരി ജോലിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ തൊഴിലാളികൾ അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്നു. ജോലിക്ക് ഗുണമേന്മ ഉണ്ടായാൽ മാത്രമേ കൂടുതൽ പ്രവർത്തികൾ ഏറ്റെടുക്കാൻ കഴിയൂ എന്നും അത് വഴി തങ്ങളുടെ നിലനിൽപ്പും ഭദ്രമാണെന്നത് തൊഴിലാളിയെ പണിയിൽ പൂർണ പങ്കാളിയാകുന്നു. ഇവിടെയും തൊഴിലാളിയുടെ അർപ്പണ ബോധം തന്നെയാണ് പ്രധാനം. പ്രതിവർഷം ഏതാണ്ട് രണ്ടര ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കാൻ സംഘത്തിന് ഇപ്പോൾ സാധ്യതയുണ്ട്.

## അംഗീകൃത ഏജൻസി

സംഘത്തിന്റെ മഹനീയ സേവനം കണക്കിലെടുത്തു, കേരള സർക്കാർ യു എൽ സി സി എസ്സിനെ താഴെ പറയുന്ന വകുപ്പുകളുടെ പ്രവർത്തികളുടെ അംഗീകൃത ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

| നമ്പർ | വകുപ്പ് |
|---|---|
| 1 | ധനകാര്യ വകുപ്പ് |
| 2 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 3 | വിനോദ സഞ്ചാര വകുപ്പ് |
| 4 | തൊഴിൽ വകുപ്പ് |
| 5 | സഹകരണ വകുപ്പ് |
| 6 | എം എൽ എ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ /പ്രവർത്തികൾ |

## സാമ്പത്തിക സാംസ്കാരിക അച്ചടക്കം

ലീഡർമാർ പ്രവർത്തിയുടെ കണക്ക് പ്രവർത്തി സ്ഥലത്തു വെച്ച് തന്നെ തയ്യാറാക്കും. പ്രവർത്തി സ്ഥലത്തു വെച്ച ലീഡർമാർ തയ്യാറാക്കുന്ന കണക്കുകൾ, അതാത് സ്ഥലത്തെ പ്രവർത്തിക്കാരായ മെമ്പർമാർ ഒപ്പിട്ട ശേഷം ഡയറക്ടർമാർ പരിശോധിക്കും. ഈ കണക്കുകൾ പ്രസിഡന്റ് ഒപ്പിട്ട പാസാക്കണം. പിന്നീട് ഓഫീസിലും ഈ കണക്ക് പരിശോധന വിധേയമാക്കും.

സംഘത്തിന്റെ  നിലനിൽപ്പിനു മെമ്പർമാരുടെ അച്ചടക്കത്തിന് കാര്യമായ പങ്കുണ്ട്. പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ അതാത് സ്ഥലത്തെ ജനങ്ങളുമായി വളരെ നല്ല ബന്ധം സ്ഥാപിക്കാറുണ്ട്.



സാമ്പത്തിക അച്ചടക്കവും കർശനമായി പാലിക്കാറുണ്ട്. എത്ര ചെറിയ തുകയാണെങ്കിലും സാമ്പത്തിക അപഹരണത്തിനു യാതൊരു മാപ്പും ഇതുവരെ നൽകിയിട്ടില്ല. മതിയായ തെളിവുകൾ ലഭിച്ചാൽ അംഗങ്ങളെ അംഗത്വത്തിൽ നിന്ന് പുറത്താക്കും. അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് മെമ്പർ എന്നോ ഡയറക്ടർ എന്നോ വിവേചനം ഉണ്ടാകാറില്ല. പ്രവർത്തനത്തിലെ സുതാര്യത തെറ്റുകൾ കണ്ടുപിടിക്കുന്നത് എളുപ്പമാക്കുന്നു. എല്ലാ കണക്കുകളും അംഗങ്ങളുടെ സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കുന്നത് കാരണം സാമ്പത്തിക ക്രമക്കേടുകൾ പെട്ടെന്ന് കണ്ടു പിടിക്കാൻ സാധിക്കും. സസ്പെൻഷൻ പോലുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് ഡയറക്ടർ ബോർഡാണ്. അംഗത്വത്തിൽ നിന്ന് പുറത്താക്കുന്നത് ജനറൽ ബോഡിയുടെ ഭൂരിപക്ഷ തീരുമാന പ്രകാരമാണ്. ഹാജരായ അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം പിന്തുണച്ചാൽ അംഗത്വത്തിൽനിന്നും ഒരാളെ പുറത്താക്കും.

**സാമ്പത്തിക പ്രകടനം**

യു എൽ സി സി എസ് സ്ഥാപിതമായി ആദ്യകാലത്തു സാമ്പത്തികമായി പലവിധ അരക്ഷിതാവസ്ഥകൾ ഉണ്ടായിട്ടുണ്ട്.  തൊഴിലാളികൾക്ക് കൂലി പോലും  കൊടുക്കാൻ കഴിയാത്ത അവസ്ഥ ഇവിടെ ഉണ്ടായിട്ടുണ്ട്. 90  കളുടെ മധ്യത്തിൽ സംഘം സാമ്പത്തിക ഭദ്രത കൈവരിക്കുകയും. സാമ്പത്തികമായി ആരോഗ്യം കൈവരിക്കുകയും ചെയ്തു. കഴിഞ്ഞ പത്തു വർഷങ്ങളിൽ സംസ്ഥാനത്തെ പ്രധാന പ്രവർത്തികളിലൂടെയും

വൈവിധ്യവൽക്കരണത്തിലൂടെയും നല്ലരീതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കാൻ സംഘത്തിനു സാധിച്ചു.

**(ലക്ഷത്തിലുള്ള കണക്ക്)**

| **വർഷം** | **2014-15** | **2015-16** | **2016-17** | **2017-18** | 2018-19 |
|---|---|---|---|---|---|
| Turnover (work carried out) | 31268 | 47062 | 51469 | 78011 | 1143.39 |
| Gross Profit | 5408 | 7114 | 8436 | 8448 | 3.23 |
| Net Profit | 62.24 | 82.55 | 147.84 | 220.19 | 2135.10 |
| Total assets | 66367 | 86947 | 99049 | 155028 | 2018-19 |

## തൊഴിലാളികൾക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും

സാമൂഹ്യസേവനത്തിലൂടെ തൊഴിലാളി ക്ഷേമം സംഘത്തിന്റെ എക്കാലത്തെയും ലക്ഷ്യമാണ്. ഇന്ന് 13000 ത്തോളം ആളുകൾക്ക് തൊഴിൽ നൽകുന്ന സംഘം മറ്റു മേഖലകളിൽ നൽകി വരുന്ന സേവനങ്ങൾ ഏതൊരു സ്ഥാപനത്തിനും മാതൃകയാക്കാവുന്നതാണ്.

സംഘത്തിന്റെ സേവനം പ്രാദേശിക വികസനത്തിന് എത്ര പ്രധാനമായിരുന്നു എന്ന് ചരിത്രം വ്യക്തമാക്കുന്നു. സംഘത്തിന്റെ വളർച്ച സംസ്ഥാനത്തിലുടനീളം വ്യാപിച്ചു. അതോടെ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആളുകൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സംഘത്തിന്റെ ആനുകൂല്യം കൈപറ്റുന്നവരായി.

സംഘത്തിന് ബില്ല് മാറി കിട്ടാൻ വൈകുന്ന സന്ദർഭങ്ങളിൽ കടകളിൽ പറ്റു ഏർപ്പെടുത്തുന്നതും, സംഘത്തിൽ പൊതുവായുള്ള ലാഭ വിതരണത്തിന്റെ രീതിയും സംഘം സ്വീകരിച്ച പോന്ന തൊഴിലാളി ക്ഷേമത്തിന്റെ രീതി സൂചിപ്പിക്കുന്നു. 2009 വരെ സംഘത്തിലെ മുതിർന്ന തൊഴിലാളികൾക്കും എഞ്ചിനീർമാർക്കും മാത്രമേ ഇ എസ് ഐ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നുള്ളു. എന്നാൽ 2009 മുതൽ 21000 രൂപക്ക് മുകളിൽ സാലറി ഉള്ള എല്ലാവര്ക്കും ഇ എസ് ഐ ആനുകൂല്യങ്ങൾ അനുവദിച്ചു തുടങ്ങി.

ഇ എസ് ഐ ആനുകൂല്യങ്ങൾ ലഭിക്കാത്ത തൊഴിലാളികൾക്കും ഏറ്റവും മികച്ച ആനുകൂല്യങ്ങൾ നല്കുന്നിടത്താണ് സംഘം മറ്റു സ്ഥാപനങ്ങളിൽ നിന്ന്

വ്യത്യസ്തമാകുന്നത്. പ്രായപരിധിയോ, വേതനനിരക്കോ കണക്കാക്കാതെ ആപത്ഘട്ടങ്ങളിൽ പരമാവധി സഹായിക്കുക എന്നതാണ് സംഘത്തിന്റെ രീതി. അസുഖങ്ങൾ മൂലം അവധിയിൽ പ്രവേശിക്കുമ്പോൾ തൊഴിലാളികൾക്ക് 60 % മുതൽ 70 % വരെ വേതനം ലഭിക്കുന്നതാണ്. ഇ എസ് ഐ പരിധിയിൽ ഉൾപ്പെടാത്തവർക്ക് രണ്ട് ഇൻഷുറൻസ് പോളിസികൾ ഉണ്ട്. ഈ അപകട ഇൻഷുറൻസ് പോളിസിക്കും ആരോഗ്യ ഇൻഷുറൻസ് പോളിസിക്കും പുറമെ ഒരു മെമ്പർ നോൺ മെമ്പർ ഭേദമന്യേ ഫാമിലി ഇൻഷുറൻസ് പോളിസിയും ഉണ്ട്. 75000 രൂപയുടെ മെഡിക്കൽ ഹെൽത്ത് പോളിസിയും ഇതിൽ ഉൾപ്പെടുന്നു. അപകടം പറ്റുന്ന അവസരങ്ങളിൽ മുഴുവൻ ആശുപത്രി ചിലവും സംഘം വഹിക്കുന്നതാണ്. അപകടം പറ്റുന്നവർക്ക്. അപകടത്തെ തുടർന്ന് മരണപ്പെടുന്ന തൊഴിലാളിയുടെ കുടുംബത്തിന് 15 മുതൽ 20 ലക്ഷം രൂപ വരെ ഡെത്ത് കവറേജ് സൊസൈറ്റി നൽകും. അംഗവൈകല്യം സംഭവിക്കുന്നവർക്ക് 5 മുതൽ 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാറുണ്ട്.

അപകടത്തെ തുടർന്ന് അവധിയിലായിരിക്കുമ്പോൾ 2500 മുതൽ 3000 രൂപ വരെ പ്രതിവാരം വേതനമായി നൽകുന്നതാണ്. ഒപ്പം ചികിത്സക്കായി 2 ലക്ഷം രൂപ വരെ നൽകുന്നു. കൂടാതെ അപകടം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും അപകടത്തിൽ മരിക്കുന്നതവരുടെ മക്കൾക്ക് 5000 മുതൽ 10000 രൂപ വരെ ഗ്രാൻഡ് ആയും നൽകുന്നുണ്ട്.

ആരോഗ്യ ഇൻഷുറൻസ് പോളിസിയിലേക്ക് തൊഴിലാളികൾ പ്രതിവർഷം 2750 രൂപയാണ് നൽകുന്നത്. മിച്ചമുള്ള ഇൻഷുറൻസ് തുകയുടെ ചിലവ് സംഘം തന്നെ വഹിക്കുന്നതാണ്. തൊഴിലാളികൾക്കോ മെമ്പർമാർക്കോ അസുഖം വന്നാലോ അപകടം സംഭവിച്ചാലോ നൽകുന്ന രണ്ട ലക്ഷം രൂപ ഈ ഇൻഷുറൻസിൽ നിന്ന് ലഭിക്കുന്നതാണ്. സ്ത്രീ തൊഴിലാളികളുടെ പ്രസവ ചിലവിനും ശുശ്രൂഷയ്ക്കും മറ്റുമായി 4000 മുതൽ 50000 രൂപ വരെ ലഭിക്കുന്നതാണ്.

തൊഴിലാളികളുടെ ക്ഷേമത്തിനായി അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് സംഘത്തിന് ഒരു ബഫറിങ് പോളിസിയുണ്ട്. സംഘത്തിലെ മെമ്പർമാർക്കോ തൊഴിലാളികൾക്കോ, ഇവരുടെ പങ്കാളിക്കോ, കുട്ടികൾക്കൊ മാതാപിതാക്കൾക്കോ, അത്യാവശ്യ ഘട്ടങ്ങളിൽ വേണ്ടുന്ന ചികിത്സാ ചിലവിനാണ് ഈ തുക ഉപയോഗിക്കുക. ഓണം വിഷു അവസരങ്ങളിൽ ബോണസ് ലഭിക്കുമ്പോൾ മെമ്പർമാരിൽ നിന്ന് 200 (പുരുഷന്മാർ) 100 (സ്ത്രീകൾ) എന്നിങ്ങനെ പിരിക്കുന്ന തുകയാണ് ബഫർ പോളിസിയായി മാറ്റിവെക്കുന്നത്.

മെമ്പർമാർക്കും മറ്റു തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും വേതനത്തിന് പുറമെ ചെയ്തു വരുന്ന സഹായങ്ങളാണിവ. ഇ മെമ്പർ എന്നോ നോൺ മെമ്പർ എന്നോ ഇതര സംസ്ഥാന തൊഴിലാളി എന്നോ വ്യത്യാസമില്ല. ഇവയെല്ലാം ഒരു പക്ഷെ വിജയപാതയിലൂടെ മുന്നേറുന്ന ഏതൊരു സ്ഥാപനത്തിനും എളുപ്പമായി ചെയ്യാവുന്നവയാണ്. എന്നാൽ ഇതിനു പുറമെ സംഘം ചെയ്തു പോരുന്ന മാനുഷികമായ ചില പ്രവർത്തികളാണ് ഇവിടെ പ്രസക്തം.

ഈ സ്ഥാപനത്തിൽ ഭിന്നശേഷിയുള്ള ചിലരും തൊഴിലാളികളായി പ്രവർത്തിക്കുന്നുണ്ട്. ഇവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു സാധാരണ ജീവിതം നയിക്കാൻ സഹായിക്കുന്നതിനാണിത്.

സൊസൈറ്റിയുടെ പ്രവർത്തികളുടെ ബന്ധപ്പെട്ടു പലവിധ വാഹനങ്ങളും യന്ത്ര സംവിധാനങ്ങളും ഉപയോഗിക്കേണ്ടതാണ് വരുന്നു. അപകടം സംഭവിച്ചാൽ ഏറ്റവും നല്ല ചികിത്സ തന്നെ ലഭിക്കണമെന്നതിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. ഇതിനായി ചട്ട പ്രകാരമുള്ള അനുകൂല്യങ്ങൾ മാറ്റി നിർത്തികൊണ്ടുള്ള സഹായമാണ് പലപ്പോഴും സംഘം നൽകാറുള്ളത്.

ലോകമിന്ന് അവയവദാനത്തെക്കുറിച്ചും രക്തദാനത്തെക്കുറിച്ചും വല്യമുന്നേറ്റങ്ങൾ നടത്തുമ്പോൾ, സംഘത്തിലും നിസ്‌ഗേബ്ബമായി ഒരു രക്തദാന സേന പ്രവർത്തിക്കുന്നുണ്ട്. സംഘത്തിലെ മെമ്പർമാരും മറ്റു തൊഴിലാളികളും ആവശ്യഘട്ടങ്ങളിൽ രക്തദാനം നടത്തുന്നു. രക്തം ആവശ്യമായി വന്നു ഇതിനായി പോകുമ്പോൾ അത് അവധിയായി കണക്കാക്കാറില്ല. ഇതരത്തിൽ ആയിരകണക്കിന് തൊഴിലാളികളിൽ എല്ലാവര്ക്കും തുല്യമായ പരിഗണന നൽകി, ഈ സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്ന ഓരോരുത്തർക്കും സ്വന്തമാണെന്ന തോന്നൽ ഉണ്ടാകുമ്പോൾ, കോർപറേറ്റുകളുടെ ഈ കാലഘട്ടത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി സമൂഹത്തിനു ഒരു അത്ഭുതമാകുന്നു,

തൊഴിലാളികൾക്ക് അസുഖം വന്നാൽ മുഴുവൻ ചിലവും വഹിക്കുന്നത് സംഘമാണ്. അപകടം പറ്റിയ തൊഴിലാളികൾക്ക് അസുഖം ബേധമാകുന്നത് വരെ പകുതി ദിവസത്തെ വേതനവും നൽകി വരുന്നു. വർഷത്തിൽ 12 ദിവസം കൂലിയോടുകൂടിയ ഒഴിവുദിന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ ഒരു തൊഴിലാളിക്ക് ശരാശരി കൂലിയും മറ്റ് വരുമാന ആനുകൂല്യങ്ങളും പട്ടിക 6ൽ പ്രത്യേകം നൽകിയിരിക്കുന്നു. ഇത് പ്രകാരം കൂലിയുടെ നാലിൽ ഒന്നിൽ കുറയാത്ത തുക ഈ ആനുകൂല്യങ്ങളാണ് ഒരു തൊഴിലാളിക്ക് ഒരു

വർഷം ശരാശരി കിട്ടുന്നുണ്ട്. സംഘത്തിന്റെ വരുമാനം അംഗങ്ങൾക്ക് തന്നെ കിട്ടുന്നു എന്നത് സഹകരണ സംഘത്തിന്റെ പ്രത്യേകതയാണ്.

## സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങൾ

1925 ൽ സംഘം സ്ഥാപിക്കുന്നത് തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹിക വിദ്യാഭ്യാസപരവുമായ ലക്ഷ്യം മുൻ നിർത്തിയായിരുന്നു. ജന്മിമാരുടെ ചൂഷണത്തിനെതിരായി ഒരു സാമൂഹിക മാറ്റത്തിന് നാന്ദികുറിക്കുകയായിരുന്നു സംഘം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സംഘമെന്നും ഇന്നും ശ്രദ്ധിച്ചിട്ടുണ്ട്. കർശനമായ അച്ചടക്കത്തി കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സമൂഹത്തിൽ മെച്ചപ്പെട്ടൊരു സ്ഥാനമുണ്ട്. സൊസൈറ്റി തൊഴിലാളികൾ സംഘം തൊഴിലാളികൾ എന്നാണ് ആദ്യ കാലം മുതൽ അറിയപ്പെട്ടിരുന്നത്. ലാഭം ഉണ്ടാക്കുക എന്നത് മാത്രമല്ല സംഘത്തിന്റെ ലക്ഷ്യം. തൊഴിലാളികളുടെ ക്ഷേമവും, നാടിന്റെ പുരോഗതിയുമാണ് സംഘം നാളിതുവരെ ലക്ഷ്യമാക്കിയിട്ടുള്ളത്. മെമ്പർമാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു നിശാ പാഠശാല സംഘത്തിൽ ആരംഭിച്ചിരുന്നു. മെമ്പർമാരുടെ സാംസ്കാരികവും മറ്റുമായ ഉന്നതി ലക്ഷ്യമാക്കി കൊണ്ട് ഒരു സാംസ്കാരിക സംഘടനയും സംഘത്തിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. "ഊരാളുങ്കൽ ലേബർ സൊസൈറ്റി മെംബേർസ് കൾച്ചറൽ സെന്റർ" എന്നാണ് സംഘടനയുടെ പേര്. തൊഴിലാളികളിൽ വായനാ ശീലവും സാംസ്കാരിക ബോധവും പരിപോഷിപ്പിക്കുക, മെമ്പർമാരുടെ മക്കളുടെ വിദ്യാഭയസ പുരോഗതിക്കായി അവാർഡുകളും മറ്റും നൽകുക. സംഘത്തിന്റെ പ്രസക്തിയെ പറ്റി ബോധവാന്മാരാക്കുക എന്നതെല്ലാമാണ് ഈ സംഘടനയുടെ ലക്ഷ്യങ്ങൾ. മെമ്പർമാർക്ക് ഭാവന നിർമ്മാണത്തിനുള്ള സൗകര്യങ്ങളും സെന്റർ ചെയ്ത് കൊടുത്തിരുന്നു. സെന്ററിന് കീഴിൽ ഇന്ന് ഒരു വായന ശാലയും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. ലൈബ്രറിയിൽ ഒരു ടി വി യും സ്ഥാപിച്ചിട്ടുണ്ട്.

## പ്രവർത്തനം

ഈ സംഘത്തിന്റെ നിലനില്പിനുള്ള പ്രധാന കാരണം തൊഴിലാളികളുടെ അർപ്പണ ബോധവും ഭരണസമിതിയുടെ സ്വയം സമർപ്പണവുമാണ്. ഇതര തൊഴിൽ മേഖലകളിൽനിന്നും വ്യത്യസ്തമായി ജോലി സമയ ക്ലിപ്തത എന്നത് സംഘത്തിന് ഇല്ല എന്ന തന്നെ പറയാം.

രാവിലെ മുതൽ വൈകുനേരം വരെ പ്രവർത്തി സ്ഥലങ്ങളിൽ പോയി വന്നതിനു ശേഷം ദൈനം ദിന കാര്യങ്ങളെക്കുറിച്ച് ആലോചിക്കാനും തീരുമാനമെടുക്കുവാനും

സമയം കാണാറുള്ളത്. ഭരണ സമിതി യോഗങ്ങൾ രാത്രി 8 മണിക്കും 9 മണിക്കും ഇടയിലാണ് കൂടാറുള്ളത്. പ്രവർത്തി സ്ഥലത്തു നിന്നും ലീഡർമാർ കൊണ്ടുവരുന്ന കണക്കുകൾ അന്ന് തന്നെ പരിശോധിച്ച് പിറ്റേ ദിവസത്തേക്കുള്ള ചെലവ് തുകകൾ അനുവദിക്കുന്നതും അടുത്ത ദിവസത്തെ പ്രവർത്തി സംബന്ധിച്ച ആസൂത്രണം നടത്തുന്നതും അന്ന് രാത്രിയിലാണ്. സംഘം ആരംഭിച്ച കാലം മുതൽ ഈ പതിവ് തുടർന്ന് വരികയാണ്.

കേവലം ലാഭം ഉണ്ടാക്കുക എന്ന കാഴ്ചപ്പാടാണ് ആരംഭം മുതൽക്കു തന്നെ സംഘത്തിനുണ്ടായിരുന്നത്. എ ക്ളാസ് സൊസൈറ്റി ആയതിനു ശേഷം മാത്രമാണ് സംഘം പ്രവർത്തികൾ വൻതോതിൽ ഏറ്റെടുത്ത നടത്തിയത്. ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഭരണസമിതി കാലഘട്ടത്തിനനുസരിച് ഉയർന്ന പ്രവർത്തിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും വർഷം മുഴുവൻ തൊഴിലാളികൾക്ക് ജോലി നൽകുവാനും ഇന്ന് സംഘത്തിന് സാധിക്കുന്നുണ്ട്.

**അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തനങ്ങളും**

കാലത്തിനൊത്തു സഞ്ചരിക്കുകയും, ഈ പ്രസ്ഥാനത്തെ മാർക്കറ്റ് നിയന്ത്രിക്കുന്ന സസദ്ഘടനയിൽ ഒരു സാമൂഹ്യ മുഖമായി നിലനിർത്തുവാനും വിവര സാങ്കേതിക മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് യു എൽ സി സി എസ്സിനെ മറ്റൊരു തലത്തിലേക്ക് ഉയർത്തുവാനാണ് വൈവിധ്യവൽക്കരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

**പ്രചോദനം**

സംഘം സ്ഥാപിച്ചത് മുതൽക്കുള്ള പ്രധാന ലക്ഷ്യം തൊഴിൽ സൃഷ്ടിക്കൽ തന്നെയാണ്. 90 കൾ വരെയുള്ള കാലഘട്ടത്തിൽ, നിർമ്മാണ ബൗദ്ധിക സൗകര്യ വികസന മേഖലകളിൽ തന്നെയാണ് തൊഴിലാളികളെ നിയമിച്ച പോന്നിരുന്നത്. എന്നാൽ ഇതിനു ശേഷം ഉണ്ടായ സാമൂഹ്യഘടനയിലെ മാറ്റവും, യുവതാൽപര്യങ്ങളിൽ ഉണ്ടായ വ്യെതിയാനങ്ങളും ഉന്നത വിദ്യാഭ്യാസം നേടുവാനും, 'വൈറ്റ്-കോളർ' ജോലികൾ തേടി പോകുവാനും കാരണമായി. ഈ മാറ്റം വളരെ വ്യക്തമായി നിരീക്ഷിച്ച സംഘം ഐ ടി മേഖലയിലെ അവസരങ്ങൾ മനസിലാക്കികൊണ്ട് ആ മേഖലയിലേക്ക് കടക്കുകയായിരുന്നു. ഇതോടൊപ്പം വിനോദ സഞ്ചാര മേഖലയിലെയും, വിദ്യാഭ്യാസമേഖലയിലെയും സാധ്യതകൾ ഉപയോഗപ്പെടുത്താനും സംഘം മുന്നോട്ട് വന്നു.

## യു എൽ സൈബർ പാർക്ക്

ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വികസിപ്പിച്ച ആദ്യത്തെ ഐ ടി പാർക്ക് ആണ് കോഴിക്കോടുള്ള യു എൽ സൈബർ പാർക്ക്. കേരളത്തിലെ മറ്റുഭാഗങ്ങളെ അപേക്ഷിച്ചു , മലബാറിലെ ഐ ടി വികസനം താരതമ്യേന കുറവാണ്. ഈ അവസരത്തിലാണ് മലബാറിലെ ആദ്യത്തെ ഐ ടി പാർക്ക് സംഘം പ്രവർത്തനക്ഷമമാക്കുന്നത്. കേരളത്തിൽ അന്ന് തിരുവനന്തപുരം കൊച്ചി ജില്ലകളിൽ മാത്രമാണ് ഐ ടി പേർക്കുകൾ ഉണ്ടായിരുന്നത്. മേൽ പറഞ്ഞ രണ്ട ഐ ടി പാർക്കുകളും മുന്നോട്ട് വെച്ച തുടക്കംകുറിച്ചത് കേരളം സംസ്ഥാന സർക്കാരായിരുന്നു.

2.7 മില്യൺ സ്വ.ഫീറ്റ് പ്രവർത്തന വിസ്തീർണ്ണവും, 0.5 മില്യൺ സ്വ.ഫീറ്റ് റെസിഡൻഷ്യൽ കൊമേഷ്യൽ കെട്ടിടങ്ങൾ അടങ്ങിയ കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാൻ തയാറാക്കിയത് ലോകത്തിലെ തന്നെ മുൻനിര ആർകിടെക്കുകളിലൊരാളായ ജപ്പാനിലെ നിക്കെൻ സെക്കിലാണ്. വാസ്തുപരമായും, പ്രവർത്തനപരമായും, കാര്യക്ഷമതയുടെയും കാര്യത്തിൽ, യു എൽ സൈബർ പാർക്ക് മേഖലയിൽ തന്നെ ഏറ്റവും മികച്ചതായി നിൽക്കുന്നു.



യു എൽ സൈബർ പാർക്ക്

## യു എൽ ടെക്നോളജി സൊല്യൂഷൻസ്

പൊതുമേഖലയിലെയും, സ്വകാര്യമേഖലയിലെയും കേരളത്തിലെ മുൻനിര ഐ ടി സേവനദാതാക്കളാണ് യു എൽ ടെക്നോളജി സൊല്യൂഷൻസ്. പൂർണ്ണമായും യു എൽ

സി സി എസ്സിന്റെ ഉടമസ്ഥതയിലാണ് ഈ സ്ഥാപനം. 2017 - 18 വർഷക്കാലം 25 കോടിയോളം രൂപയാണ് ലാഭമായി കണക്കാക്കുന്നത്. യു എൽ ടി എസ് തിരുവനന്തപുരം ടെക്നോ പാർക്കിലും, കോഴിക്കോട് സൈബർ പാർക്കിലുമായാണ് പ്രവർത്തിച്ചു വരുന്നത്.

**സർഗാലായ കേരള ആർട്ട് ആൻഡ് ക്രാഫ്റ്റ്സ് വില്ലജ്, ഇരിങ്ങൽ വടകര**

കേരള സംസ്ഥാന ടൂറിസം വകുപ്പിന് വേണ്ടി യു എൽ സി സി എസ് ഏറ്റെടുത്ത നടത്തുന്ന പദ്ധതിയാണ് സർഗാലായ കേരള ആർട്ട് ആൻഡ് ക്രാഫ്റ്റ്സ് വില്ലജ്. 20 ഏക്കറോളം വരുന്ന ഒരു ഉപേക്ഷിക്കപ്പെട്ട ക്വാറി ഉണ്ടായിരുന്ന സ്ഥലത്താണ് ഇന്ന് സർഗാലായ കേരള ആർട്ട് ആൻഡ് ക്രാഫ്റ്റ്സ് വില്ലജ് യു എൽ സി സി എസ് വികസിപ്പിച്ചത്. 100 -ൽ കൂടുതൽ കഴിവുറ്റ കരകൗശല കലാകാരന്മാർക്ക് ഒരു ജീവിതഉപാധിയായും, കൃത്യമായ പിന്തുണയില്ലാത്തതുകൊണ്ട് മാത്രം അന്യംനിന്നു പോകുന്ന അപൂർവ കരകൗശല വിദ്യകൾ സംരക്ഷിക്കുക എന്നതാണ് സർഗാലായ പ്രവർത്തനത്തിലൂടെ ലക്ഷ്യം വെക്കുന്നത്. ഉത്തരവാദിത്വ ടൂറിസത്തിലൂന്നി പ്രവർത്തിക്കുന്ന സർഗാലായ 2011 ആരംഭിച്ചിതാണ് ശേഷം ഇതിനോടകം നിരവധി നേട്ടങ്ങൾ സർഗാലയ കൈവരിച്ചു കഴിഞ്ഞു. ഏറ്റവും മികച്ച ഗ്രാമീണ ടൂറിസം വികസന പദ്ധതിക്കുള്ള ദേശീയ പുരസ്ക്കാരം, സംസ്ഥാനത്തെ ഏറ്റവും മികച്ച വിനോദ സഞ്ചാര കേന്ദ്രത്തിനുള്ള പുരസ്ക്കാരം, സർഗാലയയിലെ ആർട്ടിസാനായ എൻ.സി അയ്യപ്പന് ഏറ്റവും മികച്ച കരകൗശല വിദഗ്ധനുള്ള ഏഷ്യ പസിഫിക് അന്താരാഷ്ട്ര പുരസ്ക്കാരം എന്നിവ അവയിൽ ചിലത് മാത്രമാണ്.



## യു എൽ എഡ്യൂക്കേഷൻ

വിദ്യാഭ്യാസവും നൈപുണ്യ വികസനവുമാണ് യു എൽ സി സി എസ അടുത്തതായി പതിപ്പിക്കേണ്ട മേഖലയായി കാണുന്നത്. ഇന്ന് സമൂഹത്തിൽ പ്രത്യേകിച്ച് നിർമ്മാണ ബൗദ്ധിക സൗകര്യ വികസന മേഖലയിൽ ആവശ്യമായതും ലഭ്യമായതുമായ വൈദഗ്ധ്യം തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. ഈ വിടവ് നികത്തുന്നതിലേക്ക് സംഭാവന ചെയ്യുക എന്ന നിലയിലാണ് യു എൽ സി സി എസ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കാനുദ്ദേശിക്കുന്നത്. ജോലി സാധ്യതകൾ വർധിപ്പിക്കുന്നതിനായി നൈപുണ്യ പാർക്കുകൾ, തുടങ്ങിയവ യു എൽ എഡ്യൂകേഷന്റെ ഭാഗമാകും. ഇതിനായി കൊല്ലം ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ, യു എൽ സ്കിൽ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിച്ചു പോരുന്നു. കൂടാതെ മേപ്പിൾ എന്ന പേരിൽ മടപ്പള്ളി സ്കൂളിൽ നടത്തി തുടങ്ങിയ പദ്ധതിയും വിദ്യാഭ്യാസ മേഖലയിലെ ഉജ്ജ്വലമായ ചുവടുവെപ്പാണ്.

## യു എൽ സി സി എസ് ചാരിറ്റബിൾ ആൻഡ് വെൽഫയർ ഫൌണ്ടേഷൻ

ഒരു സാമൂഹ്യ പ്രസ്ഥാനം എന്ന നിലയിൽ സമൂഹത്തിന്റെ ഉന്നമനത്തിനു പ്രാധാന്യം നൽകിക്കൊണ്ടാണ് യു എൽ സി സി എസ് പ്രവർത്തിക്കുന്നത്. യു എൽ സി സി എസ്സിന്റെ സാമൂഹിക സേവന സംരംഭമാണ് യു എൽ സി സി എസ് ചാരിറ്റബിൾ ആൻഡ് വെൽഫയർ ഫൌണ്ടേഷൻ. ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള യു എൽ കെയർ പ്രശാന്തി സ്പെഷ്യൽ സ്കൂൾ. മുതിർന്ന ഭിന്നശേഷിയുള്ളവർക്കായുള്ള വൊക്കേഷണൽ ട്രെയിനിങ് ആൻഡ് പ്ലേസ്മെന്റ് സെന്റർ - യു എൽ കെയർ നായനാർ സദനം, 60 വയസ്സിനു മുകളിലുള്ളവർക്കായുള്ള പകൽ പരിചരണ കേന്ദ്രം - യു എൽ കെയർ മടിത്തട്ടു എന്നിവ യു എൽ സി സി എസ് ചാരിറ്റബിൾ ആൻഡ് വെൽഫയർ ഫൗണ്ടേഷന്റെ പദ്ധതികളാണ്.



**അംഗീകാരങ്ങൾ**

- ഏറ്റെടുത്ത ജോലികളിൽ നിരന്തരം പുലർത്തിയ വിശ്വാസവും,ഗുണനിലവാരവും സൊസൈറ്റിക്
- ഒരുപാട് അഭിമാനമർഹിക്കാവുന്ന നേട്ടങ്ങളും,ബഹുമതികളും നേടിതന്നിട്ടുണ്ട്.സർക്കാരിന്റെയും
- മാനേജ്മെന്റിന്റെയും വളരെ പ്രശസ്തമായ ചില ബോർഡുകളിൽ നിന്നും ലഭിച്ച ബഹുമതികൾ

**ബഹുമതികൾ/അംഗീകാരങ്ങൾ-അന്താരാഷ്ട്ര തലത്തിൽ**

- യു.എൽ.സി.എസ്-നെ ആസ്പദമാക്കി യു.എൻ.ഡി.പി ആഗോളതലത്തിൽ പ്രദർശിപ്പിക്കാൻ ഒരുക്കിയ ഡോക്യുമെന്ററി
- യു.എൽ.സി.സി.എസ്-നെ കുറിച്ചു പഠിക്കാൻ മൂന്ന് അംഗ സംഘത്തെ ഹാർവാർഡ് യൂണിവേഴ്സ്റ്റിയിൽ നിന്നും അയക്കുകയുണ്ടായി.

- ഇന്റർനാഷണൽ കോപ്പറേറ്റീവ് അലയൻസ് മീറ്റിംഗിൽ പങ്കെടുക്കാൻ യു.എൽ.സി.സി.എസ്-നെ ക്ഷണിച്ചു.

**അംഗീകാരങ്ങൾ-ദേശീയ തലത്തിൽ**

1. ഇന്ദിര ഗാന്ധി സദ്ഭാവന അവാർഡ് ജേതാവ് 2005 വർഷം.
2. 2008-ൽ കേന്ദ്ര സർക്കരിന്റെ എൻ.സി.ഡി.സി എക്സലൻസ് അവാർഡ് .
3. 2013-ലെ ഇന്ത്യയിലെ ഏറ്റവും മികച്ച ലേബർ കോപ്പറേറ്റീവ് സൊസൈറ്റിക്കുള്ള ദേശീയ
4. പുരസ്ക്കാരം നാഷണൽ ലേബർ കോപ്പറേറ്റീവ് ഫെഡറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന്.
5. നാഷണൽ കോപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യയുടെ ഏറ്റവും മികച്ച ലേബർ കോപ്പറേറ്റീവ് സൊസൈറ്റിക്കുള്ള ദേശീയ പുരസ്ക്കാരം.പതിനാറാമത് ഇന്ത്യൻ
6. കോപ്പറേറ്റീവ് കോൺഗ്രസ്സിൽ വെച്ചു സമ്മാനിച്ചു.
7. ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി ശ്രീ.ശരദ് പവാർ അധ്യക്ഷൻ ആയിട്ടുള്ള നാഷണൽ അഡ്വൈസറി കൗൺസിൽ ഓൺ ലേബർ കോപ്പറേറ്റീവ് ശുപാർശയിൽ
8. യു.എൽ.സി.സി .എസ് –ന് ലഭിച്ച അംഗത്വം.

9. സ്വകാര്യ സ്ഥാപനത്തിനുള്ള ഉടമസ്ഥതയിൽ ഉള്ള ഏറ്റവും മികച്ച രണ്ടാമത്തെ കൃഷിയിടത്തിന് അഗ്രികൾച്ചറൽ & ഫാർമേഴ്സ് വെൽഫയർ ഡിപാർട്ട്മെന്റ്വക ലഭിച്ച
10. സംസ്ഥാന പുരസ്ക്കാരം.

11. ദുരന്ത നിവാരണ മാനേജ്മെന്റ്,പുനരധിവാസം ,സുനാമി സമയത്ത് കാഴ്ചവെച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ,മിഠായി തെരുവ് തീപിടിത്തം ഉണ്ടായ സമയത്ത്
12. കാഴ്ചവെച്ച രക്ഷാപ്രവർത്തനം തുടങ്ങിയവയ്ക്ക് മുഖ്യമന്ത്രിയിൽ നിന്നും ലഭിച്ച
13. ശിൽപ്പവും,സർട്ടിഫിക്കറ്റും .
14. യു.എൽ.സി.സി എസ് കാണിച്ച ഉത്തരവാദിത്വത്തിന് കേരള സാംസ്ക്കാരിക പരിഷത്തിൽ നിന്ന് ലഭിച്ച അവാർഡ് .
15. 2010-ൽ ഡിസൈനർ പബ്ലികേഷൻസ് കേരളയിൽ നിന്ന് വിശ്വകർമ്മ അവാർഡ്.
16. മാനേജ്മെന്റ്  രംഗത്തെ മാസ്മരിക നേട്ടത്തിന് ലഭിച്ച ജെ.സി.ഐ അവാർഡ്.
17. 2002-ൽ റോട്ടറി ഇന്റർനാഷണൽ വൊക്കേഷണൽ അവാർഡ്.
18. 2008-ൽ റോട്ടറി ഇന്റർനാഷണൽ വൊക്കേഷണൽ അവാർഡ്.
19. സർവ്വീസിലെ വ്യക്തി മുദ്രയ്ക്ക് കേരള കൗമുദി അവാർഡ്.
20. കൺസ്ട്രക്ഷൻ രംഗത്തെ പ്രശംസവഹമായ നേട്ടത്തിന് ലയൺസ് ക്ലബ്,കോഴിക്കോട് പുരസ്ക്കാരം .

21. 2010-ൽ കൺസ്ട്രക്ഷൻ രംഗത്തും, ഐ .ടി രംഗത്തും കാഴ്ചവെച്ച മികച്ച പ്രകടനത്തിന് ലയൺസ് ഇന്റർനാഷണലിന്റെ പുരസ്‌ക്കാരം.
22. മലബാർ ചേംബർ ഓഫ് കോമ്മേഴ്സിന്റെ പ്രകടന മികവിനുള്ള പുരസ്‌ക്കാരം.
23. മലബാറിലെ ആദ്യത്തെ ഐ.ടി സെസ്സ് നേടി എടുക്കാൻ കാണിച്ച നേതൃത്വ മികവിന്
24. കാലികറ്റ് മാനേജ്മെന്റ് അസോസിയേഷൻ പുരസ്‌ക്കാരം.
25. 2006-ൽ സി.എസ്.സി.ബിയുടെ ഏറ്റവും മികച്ച കോപ്പറേറ്ററിനുള്ള ജൂബിലീ അവാർഡ്.
26. 2006-ൽ ഇൻഡോ-അറബ് കോൺഫെഡറേഷൻ സമ്മാനിച്ച "കർമ്മ രഗന പുരസ്‌ക്കാരം'".
27. സഹകരണ കീർത്തി പുരസ്‌ക്കാരം -2011
28. കൺസ്ട്രകഷൻ രംഗത്തെ പ്രശംസവഹമായ നേട്ടത്തിന് അൽ-നഹ ജനറൽ കൺസ്ട്രക്ഷൻ,അബുദാബി.
29. 2016-ൽ കേരളത്തിലെ ഏറ്റവും മികച്ച ടൂറിസ്റ്റ് സ്പോട്ട് എന്നതിന് സർഗ്ഗാലയക്ക് ലഭിച്ച അവാർഡ്.
30. 2016-ലെ രമാശ്രമം ഉണ്ണീരിക്കുട്ടി പുരസ്‌ക്കാരം.
31. 2016-ലെ അരങ്ങിൽ ശ്രീധരൻ അവാർഡ്.
32. 2017-ൽ ബഹറൈൻ കേരള സമാജം സമ്മാനിച്ച പ്രഥമ സംഘ ശക്തി അവാർഡ്.
33. 2017-ൽ ഏറ്റവും മികച്ച ലേബർ പവർ ബ്രാണ്ടിനുള്ള ഫ്യൂച്ചർ കേരള പവർ ബ്രാൻഡ് അവാർഡ്.
34. 2018-ലെ ഇസാഫിന്റെ ആദ്യത്തെ സോഷ്യൽ ബിസിനസ്സ് അവാർഡ്.
35. എൻ സി ഡി സി റീജണൽ എക്സലൻസ് അവാർഡ് 2018
36. യു.എൽ.സി.സി. എസ് ചെയർമാന് ഏറ്റവും മികച്ച കോപ്പറേറ്റീവ് ലീഡറിനുള്ള
**37.** സഹകാരി പുരസ്‌ക്കാരം.

**ഉപസംഹാരം**

ഒരുപാട് പതിറ്റാണ്ടുകൾ ഗുണമേന്മയിലൂടെയും,സത്യസന്ധതയിലൂടെയും തങ്ങളുടെതായ യോഗ്യമായ സ്ഥാനം നേടിയെടുത്ത ഒരു പ്രസ്ഥാനം ആണ് യു.എൽ.സി.സിഎസ്. ടീംവർക്ക്, ആത്മാർത്ഥ,അച്ചടകം എന്നി ഘടകങ്ങളിൽ ഊന്നി കൊണ്ട് എങ്ങനെ ഒരു റൂറൽ കോപ്പറേറ്റീവ് സൊസൈറ്റി ലോകത്തിന്റെ ശ്രദ്ധയിൽ എത്തിയതിനു തെളിവാണ് യു.എൽ.സിസി.എസ്.താഴെ കിടയിൽ ടെക്നോളജി സ്വീകരിച്ചാൽ എങ്ങനെ ഉൽ നാടൻ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതം മാറും എന്നത്തിനുള്ള ഉത്തമ ഉദാഹരണം ആണ് യു.എൽ.സി.സി .എസ്.